പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 7182

11.07.2014-ൽ
മറുപടിയ്ക്ക്

## കയർ ഗ്രാമം

| ചോദ്യം<br>ശ്രീ. പി.സി.വിഷ്ണുനാഥ്<br>,, വി.ഡി.സതീശൻ<br>,, ബെന്നി ബെഹനാൻ<br>,, എ.പി.അബ്ദുള്ളക്കുട്ടി | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
|---|---|
| എ) ടൂറിസവുമായി ബന്ധപ്പെടുത്തി കയർ ഗ്രാമം സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | എ) വിനോദ സഞ്ചാര മേഖലയുമായി സമന്വയിപ്പിച്ച് ഒരു മാതൃകാ കയർ ഗ്രാമം സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരുകളും കയർ പൊതുമേഖലാ സ്ഥാപനങ്ങൾ, കയർ സഹകരണ സംഘങ്ങൾ, കയറ്റുമതിക്കാർ, സ്വകാര്യ സംരംഭകർ തുടങ്ങി കയർ മേഖലയുമായി ബന്ധപ്പെട്ട എല്ലാ സ്റ്റേക്ക് ഹോൾഡേഴ്സിന്റേയും സഹകരണത്തോടുകൂടി പദ്ധതി നടപ്പാക്കണമെന്നതാണ് ഉദ്ദേശ്യം. |
| ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ; | ബി) കേരള കയറിനെ അതിന്റെ തനത് രീതിയിൽ അവതരിപ്പിക്കുന്നതിലേക്കായി ഒരു കയർ ഗ്രാമം രൂപീകരിക്കുക എന്നുള്ളതാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. നാളികേരത്തിന്റെ ഉപോല്പന്നമായ തൊണ്ടിൽ നിന്നും ചകിരി വേർപ്പെടുത്തുന്നതു മുതൽ ആകർഷകങ്ങളായ വിവിധയിനം കയറുല്പന്നങ്ങൾ നിർമ്മിക്കുന്നതിലേക്കായി മനുഷ്യ നിർമ്മിതവും യന്ത്ര നിർമ്മിതവുമായ ഒട്ടനവധി പ്രക്രിയകൾ ആവശ്യമായിട്ടുണ്ട്. |

| | |
|---|---|
| | ഈ പ്രക്രിയകൾ സഞ്ചാരികൾക്കായി സജ്ജീകരിക്കുന്നതോടൊപ്പം കയറുല്പന്നങ്ങളുടെ വിപണനവും ഇതിലൂടെ ലക്ഷ്യമിടുന്നു. കയർ തൊഴിലാളികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ന്യായമായ വേതനം ഉറപ്പു വരുത്തുന്നതിനും ലക്ഷ്യമിടുന്നു. |
| സി) കയറിന്റെ ആഭ്യന്തര വിദേശ-വിപണി ശക്തിപ്പെടുത്തുവാൻ എന്തെല്ലാം കാര്യങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദ മാക്കമോ; | സി) സ്ഥലം ലഭ്യമായി അതിനനുസരിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയാൽ മാത്രമേ ഇത് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാൻ കഴിയുകയുള്ളു. ഉല്പന്നങ്ങൾ സ്വദേശ വിദേശ സഞ്ചാരികൾക്കും പരിചയപ്പെടുത്തി വിപണനം മെച്ചപ്പെടുത്തുക എന്നാണ് പൊതുവായി ഉദ്ദേശിക്കുന്നത് |
| ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കമോ? | ഡി) സ്ഥലം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ